# കേരള നിയമസഭ

## 10.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 10 തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ

ആരോഗ്യവും കയറും വകുപ്പുമന്ത്രി
ജലവിഭവ വകുപ്പുമന്ത്രി
ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പുമന്ത്രി

<u>യുവജനങ്ങളെ നവസമൂഹമായി വാർത്തെടുക്കുന്നതിന് നടപടികൾ</u>

*211 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യുവജനങ്ങൾക്കിടയിൽ മദ്യപാനവും പുകയില ഉപയോഗവും വ്യാപകമാകുന്നത് തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) യുവജനങ്ങളെ ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന നവസമൂഹമായി വാർത്തെടുക്കുന്നതിന്, പുതുതായി എന്തൊക്കെ പരിപാടികൾ ആവിഷ്ക്കരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>അരിവാൾ കോശ രോഗം</u>

*212 ശ്രീ. സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കിടയിൽ കണ്ടുവരുന്ന അരിവാൾ കോശ രോഗം (സിക്കിൾസെൽ അനീമിയ) മറ്റു വിഭാഗങ്ങളിലും ചെറിയ തോതിൽ കണ്ടെത്തിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് ഫലപ്രദമായ മരുന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; രോഗം വരാനുള്ള കാരണം വ്യക്തമായിട്ടുണ്ടോ;

(സി) ഇതുമൂലം അവശതയനുഭവിക്കുന്ന ആദിവാസികൾക്ക് പ്രത്യേക സംരക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഈ രോഗം മറ്റു സംസ്ഥാനങ്ങളിൽ കാണപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതിനുള്ള ഫലപ്രദമായ മരുന്നും പ്രതിരോധ മാർഗ്ഗവും കണ്ടെത്തുന്നതിനുള്ള നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ;

(എഫ്) മോഡേൺ മെഡിസിൻ വിഭാഗത്തിനൊപ്പം ആയുർവേദ, ഹോമിയോ, യുനാനി വിഭാഗങ്ങളിലെ വിദഗ്ധരുടെ കൂടി സഹകരണത്തോടെ ഇക്കാര്യത്തിൽ ആവശ്യമായ ഗവേഷണം നടത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം

*213 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പി. ശ്രീരാമകൃഷ്ണൻ
,, ആർ. രാജേഷ്
,, കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിനായി ജലവിഭവ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് നേടിയെടുക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് നടപ്പാക്കാവുന്ന പ്രയോജനപ്രദമായ കാര്യങ്ങളെ സംബന്ധിച്ച് വകുപ്പിൽ പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പകർച്ച വ്യാധികൾ - പ്രതിരോധ പ്രവർത്തനങ്ങൾ</u>

*214 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, സി. ദിവാകരൻ
ശ്രീമതി ഗീതാ ഗോപി
'' ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ച വ്യാധികൾ മൂലം മരണനിരക്ക് ഉയർന്നുവരുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം തരത്തിലുള്ള രോഗങ്ങളാണ് പടർന്ന് പിടിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ജാഗ്രതാ നിർദ്ദേശങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും ജനങ്ങളിലെത്തുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) മരണ നിരക്ക് കൂടുന്നതായും യഥാസമയം പ്രതിരോധ -നിയന്ത്രണ-ചികിത്സാ സംവിധാനങ്ങൾ ഒരുക്കുന്നതിന് ഗവൺമെന്റ് പരാജയപ്പെട്ടതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ആദിവാസി കോളനികളിലെ കമ്മ്യൂണിറ്റി ഹെൽത്ത് കോംപ്ലക്സുകൾ

*215 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി കോളനികളിൽ കമ്മ്യൂണിറ്റി ഹെൽത്ത് കോംപ്ലക്സുകൾ നിർമ്മിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഓരോ കോളനിയിലും ഹെൽത്ത് വോളന്റിയർമാരെ തെരഞ്ഞെടുത്ത് ഫസ്റ്റ് എയ്ഡ് നൽകുന്നതിനുള്ള പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കോളനികളിൽ പടർന്നു പിടിക്കുന്ന പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ടെലി-ചികിത്സാ സംവിധാനം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പാരാമെഡിക്കല്‍ സ്റ്റാഫിന്റെ അഭാവം</u>

*216 ശ്രീ. എളമരം കരീം
,, എ. എം. ആരിഫ്
,, ബി. ഡി. ദേവസ്സി
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജനറല്‍ ആശുപത്രികള്‍, താലൂക്കാശുപത്രികള്‍, കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്ററുകള്‍ തുടങ്ങിയവയില്‍ ആവശ്യത്തിന് പാരാമെഡിക്കല്‍ സ്റ്റാഫില്ലാത്തതിനാല്‍ ഉണ്ടാകുന്ന ബുദ്ധിമുട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) പകര്‍ച്ചവ്യാധികള്‍ വര്‍ദ്ധിച്ച സാഹചര്യത്തില്‍ പാരാമെഡിക്കല്‍ സ്റ്റാഫിന്റെ ജോലിഭാരം വര്‍ദ്ധിച്ചിരിക്കുന്നതിനാല്‍ നിലവിലുള്ള പി.എസ്.സി. ലിസ്റ്റില്‍ നിന്ന് ഒഴിവുകള്‍ നികത്താന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ഡ്രഗ്ഗ് ഇൻഫർമേഷൻ സെന്ററുകൾ</u>

*217 ശ്രീ. കെ. അജിത്
,, വി. എസ്. സുനിൽകുമാർ
,, ജി. എസ്. ജയലാൽ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രോഗികൾക്ക് ആശുപത്രിയിൽ നിന്ന് കുറിച്ചു നൽകുന്ന മരുന്നുകളെ സംബന്ധിച്ച സംശയ നിവാരണത്തിനായി ആശുപത്രികളിൽ ഇപ്പോൾ ഡ്രഗ്ഗ് ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആശുപത്രികളിൽ ഇത്തരം സെന്ററുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>തലസ്ഥാന നഗരത്തിലെ ജലവിതരണം മെച്ചപ്പെടുത്താൻ പദ്ധതി</u>

*218 ശ്രീ. എം. എ. വാഹീദ്
,, പി. എ. മാധവൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിലെ ജലവിതരണം മെച്ചപ്പെടുത്താൻ എന്തെല്ലാം പുതിയ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) അരുവിക്കര പമ്പ് ഹൗസിൽ നിന്നുള്ള പഴയ പമ്പിംഗ് ലൈൻ മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ജപ്പാൻ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) അരുവിക്കരയിലേയ്ക്ക് വെള്ളം ലഭ്യമാക്കുന്ന പേപ്പാറ ഡാമിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ഇ) ഡാമിലെ മണലും ചെളിയും നീക്കം ചെയ്യാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(എഫ്) തലസ്ഥാന നഗരത്തിലേയ്ക്കുള്ള കുടിവെള്ള പൈപ്പ് ലൈൻ ഇടയ്ക്കിടെ പൊട്ടുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്
<u>ജലസ്രോതസ്സുകളുടെ സംരക്ഷണം</u>

*219 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എസ്. രാജേന്ദ്രൻ
,, എം. ചന്ദ്രൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജലാശയങ്ങൾ സംരക്ഷിക്കപ്പെടാത്തതുകാരണം ജലദൗർലഭ്യം നേരിടാത്ത പ്രദേശങ്ങളിലടക്കം വരൾച്ച അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വയൽ നികത്തുന്നതുപോലുള്ള പ്രശ്നങ്ങൾ ജലദൗർലഭ്യത്തിനും പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാകുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>വയനാട്ടിലെ ആദിവാസിമേഖലകളിലെ വികസന പദ്ധതികൾ</u>

*220 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, പി. ബി. അബ്ദുൾ റസാക്
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ ആദിവാസികളുടെ വികസനവും, പുനരധിവാസവും ലക്ഷ്യമിട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതിനാവശ്യമായ ഫണ്ട് രൂപീകരണത്തിന്റെ വിശദാംശം നല്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ജല വിതരണ കേന്ദ്രങ്ങളിലെ കാലപ്പഴക്കം ചെന്ന മോട്ടോറുകൾ

*221 ശ്രീ. ഹൈബി ഈഡൻ
,, കെ. ശിവദാസൻ നായർ
,, പി.സി. വിഷ്ണുനാഥ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ വിതരണ കേന്ദ്രങ്ങളിൽ ഉള്ള കാലപ്പഴക്കം ചെന്ന മോട്ടോറുകൾ മാറ്റുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

(ബി) എത്ര വർഷം കഴിയുമ്പോഴാണ് പഴയ മോട്ടോറുകൾ മാറ്റി സ്ഥാപിക്കുന്നത്;

(സി) പല ശുദ്ധജല വിതരണ പദ്ധതികളിലും പഴയ ജി.ഐ. പൈപ്പുകൾ ഉപയോഗിച്ചിരിക്കുന്നതിനാൽ വെള്ളത്തിലൂടെ തുരുമ്പും മറ്റ് അഴുക്കുകളും വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊളളുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കാൻസർ ബാധിതരായ കുട്ടികൾക്കുള്ള ചികിത്സാസഹായം</u>

*222 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, റ്റി. വി രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ ചികിത്സ തേടുന്ന 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് തുടർ ചികിത്സയ്ക്ക് നൽകി വരുന്ന ധനസഹായത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) മെഡിക്കൽ കോളേജുകളിൽ ചികിത്സ നടത്തുന്ന കുട്ടികൾക്ക് പോലും ധനസഹായം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചികിത്സാസഹായം നൽകുന്നതിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>കയറുൽപ്പന്നങ്ങളുടെ കയറ്റുമതി</u>

*223 ശ്രീ. ചിറ്റയം ഗോപകുമാർ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി. ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയറുൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ ഉൽപ്പന്നങ്ങളാണ് കെട്ടിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കയറുൽപ്പന്നങ്ങളുടെ കയറ്റുമതി മെച്ചപ്പെടുത്താൻ പ്രൊമോഷൻ സെൽ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ ഈ സെല്ല് രൂപീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(സി) കയറുൽപ്പന്ന കയറ്റുമതിക്കായി എത്ര രാജ്യങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>മാതൃകാ ട്രൈബൽ കോളനികൾ</u>

*224 ശ്രീ. വി. പി. സജീന്ദ്രൻ
,, കെ. അച്ചുതൻ
,, സി. പി. മുഹമ്മദ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ ട്രൈബൽ കോളനികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന് എത്ര ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>സ്കാനിംഗ്/എക്സ്റേ ഉപകരണങ്ങൾ കേടുവരുത്തുന്നതായ ആക്ഷേപം</u>

*225 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എസ്. ശർമ്മ
,, കെ. ദാസൻ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളടക്കം പല സർക്കാർ ആശുപത്രികളിലും സ്കാനറുകളും എക്സ്റേ മെഷീനുകളും കേടുവരുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഉപകരണങ്ങൾ കേട് വരുത്തുന്നത് സ്വകാര്യ സ്കാനിംഗ് സെന്റർ അടക്കമുള്ള ലബോറട്ടറികളുടെ താല്പര്യങ്ങൾ സംരക്ഷിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>പ്രാക്ടിക്കൽ അപ്രോച്ച് ടു ലങ്ങ് പദ്ധതി</u>

*226 ശ്രീ. കെ. രാജു
,, ഇ. ചന്ദ്രശേഖരൻ
,, ഇ.കെ. വിജയൻ
,, ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളിൽ വർദ്ധിച്ചു വരുന്ന ശ്വാസകോശ രോഗങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് പാൽ (ജ്യമരശേരമഹ അുുൃീമരവ ീ ഘൗിഴ) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എത്ര ഘട്ടമായിട്ടാണ് നടപ്പാക്കിയത് ; ഓരോ ഘട്ടത്തിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി ഇപ്പോൾ നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ആദിവാസികൾക്ക് വീട്</u>

*227 ശ്രീ. അൻവർ സാദത്ത്
,, വർക്കല കഹാർ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് വീടുനൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(ബി) ഇവയുടെ വിശദാംശങ്ങൾ എന്തെല്ലാം :

(സി) മുഴുവൻ ആദിവാസികൾക്കും 5 വർഷത്തിനുള്ളിൽ വീടുവയ്ക്കുന്നതിന് ഒരു കർമ്മപദ്ധതി രൂപീകരിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>ഭൂഗർഭജലം</u>

*228 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്
ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജലം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പഠന ഫലമായി ലഭിച്ച വിവരങ്ങൾ എന്തെല്ലാമാണ് ;

(സി) ഇതിന്റെ അടിസഥാനത്തിൽ ഭൂഗർഭജലം ഉപയോഗിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) മഴവെള്ളം പാഴായി പോകാതെ സംഭരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

# കേരള നിയമസഭ

## 10.10.2011-ലെ മറുപടിക്ക്

<u>ഡോക്ടർമാരുടെ താൽക്കാലിക നിയമനം</u>

*229 ശ്രീ. വി. ഡി. സതീശൻ
,, ഹൈബി ഈഡൻ
,, അൻവർ സാദത്ത്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ കുറവ് പരിഹരിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഡോക്ടർമാരുടെ കുറവ് പരിഹരിക്കുവാൻ അടിയന്തിരമായി താൽക്കാലിക നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി എം. ബി. ബി. എസ്. / പി. ജി. വിദ്യാർത്ഥികൾക്ക് പ്രത്യേക കേഡർ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇവരെ എന്നുമുതൽക്കാണ് സർക്കാർ ഉദ്യോഗസ്ഥരായി കണക്കാക്കാൻ തീരുമാനിച്ചിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) ഇതു നടപ്പിലാക്കുന്നതിനു മുമ്പ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>മാനസികാരോഗ്യ നയം</u>

*230 ശ്രീ. കെ. വി. വിജയദാസ്
,, കെ. കെ. നാരായണൻ
,, സാജു പോൾ
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനസികാരോഗ്യ നയത്തിലെ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇതിനായി മാനസികാരോഗ്യ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിരുന്നോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) മനോരോഗികളെ തിരിച്ചറിയാനുള്ള സർവ്വേ നടത്തിയിട്ടുണ്ടോ;

(ഡി) മനോരോഗികളുടെയും സുഖം പ്രാപിച്ച രോഗികളുടെയും പുനരധിവാസ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

<u>ക്ഷേത്രഭരണത്തിനായി നിയമനിർമ്മാണം</u>

*231 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, ജി. സുധാകരൻ
,, പി. ശ്രീരാമകൃഷ്ണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പുരാതന ക്ഷേത്രങ്ങളുടെ ഭരണ നിർവ്വഹണത്തിന് പ്രത്യേക നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്; ഈ ക്ഷേത്രങ്ങൾ ഇതിന് മുമ്പ് ആരുടെയെല്ലാം ഭരണത്തിലായിരുന്നു;

(ബി) ക്ഷേത്രത്തിന്റെ ഭരണവും സ്വത്തുക്കളുടെ കൈകാര്യവും നിയന്ത്രിക്കുന്നതിനായി കേരള നിയമസഭ ഏതെല്ലാം നിയമങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്;

(സി) പുതുതായി ഏതെങ്കിലും ക്ഷേത്രം നിയമനിർമ്മാണം നടത്തി പുതിയ സംവിധാനത്തിൻ കീഴിൽ കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

ലോക്കൽ പർച്ചേസ് നടപടിക്രമം

*232 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലോക്കൽ പർച്ചേസ് നടത്തുവാനുള്ള നടപടിക്രമത്തിലെ പ്രയാസങ്ങൾ കാരണം യഥാസമയം മരുന്നുകൾ വാങ്ങുവാൻ സാധിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ലോക്കൽ പർച്ചേസിനുള്ള നടപടിക്രമം ലഘൂകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണ സഹായം

*233 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിന് എത്ര തുകയാണ് നൽകി വരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് മൂലം ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇങ്ങനെ വർദ്ധിപ്പിക്കുന്ന തുക കേന്ദ്രത്തിൽ നിന്നും സഹായമായി ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 10.10.2011-ലെ മറുപടിക്ക്

<u>പകർച്ചപ്പനി-കേന്ദ്ര സംഘത്തിന്റെ പഠന റിപ്പോർട്ട്</u>

*234 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനിയെപ്പറ്റി പഠിക്കുന്നതിനായി എത്തിയ കേന്ദ്ര സംഘത്തിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പഠന റിപ്പോർട്ടിൽ പകർച്ചപ്പനിയെപ്പറ്റിയുള്ള കണ്ടെത്തലുകൾ എന്തെല്ലാം ;

(സി) പകർച്ചപ്പനി തടയാൻ പുതുതായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ മെഡിക്കൽ കോളേജുകളിലെ പഠന നിലവാരം</u>

*235 ശ്രീ. സി.കെ. സദാശിവൻ
,, ഇ.പി. ജയരാജൻ
,, എ. പ്രദീപ്കുമാർ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിൽ പഠന നിലവാരം ഉയർത്തുന്നതിന് മുൻ സർക്കാർ കൈക്കൊണ്ട എന്തെല്ലാം നടപടികളാണ് ഇപ്പോൾ തുടർന്നുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) സ്വകാര്യ മെഡിക്കൽ കോളേജുകളിലെ പഠന നിലവാരം സംബന്ധിച്ചുള്ള പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ ശുപാർശകളും, അതിൻമേൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(സി) സർക്കാർ മെഡിക്കൽ കോളേജുകളിലെ പി.ജി. സീറ്റുകൾ ഇപ്പോൾ എത്രയായി വർദ്ധിപ്പിച്ചിട്ടുണ്ട്;

(ഡി) സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് അനുവദിച്ച പി.ജി. സീറ്റുകളിൽ സർക്കാരിന് മാത്രം അർഹതപ്പെട്ട സീറ്റ് എത്ര; ഇതിൽ ഏതെല്ലാം സീറ്റുകൾ നഷ്ടപ്പെടുകയുണ്ടായി?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

മ്യൂസിയങ്ങളുടെയും മൃഗശാലകളുടെയും നവീകരണം

*236 ശ്രീ. ബെന്നി ബെഹനാൻ
,, ലൂഡി ലൂയിസ്
,, പാലോട് രവി
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മ്യൂസിയങ്ങളുടെയും മൃഗശാലകളുടെയും നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഇവിടെ സന്ദർശകർക്ക് പ്രാഥമികാവശ്യത്തിനുള്ള സൗകര്യങ്ങൾ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ഡി) മ്യൂസിയങ്ങളിലും മൃഗശാലകളിലും സംസ്ഥാനത്തിന്റെ പൈതൃക സവിശേഷതകൾ പ്രതിഫലിപ്പിക്കുന്ന ഗവൺമെന്റ് സ്റ്റാളുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കുട്ടികൾക്ക് പ്രതിരോധ മരുന്ന് നൽകേണ്ടതിന്റെ ആവശ്യകത</u>

*237 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനനസമയത്ത് കുട്ടികൾക്ക് നൽകേണ്ട പ്രതിരോധ മരുന്നുകൾ വ്യാപകമായി നൽകാതിരിക്കുന്ന കാര്യം ത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് തെറ്റിദ്ധാരണകൾ പരത്തുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) തീരദേശ മേഖലകളിൽ അതുമൂലം നിർമ്മാർജ്ജനം ചെയ്യപ്പെട്ട പല പകർച്ചവ്യാധികളും വീണ്ടും പ്രത്യക്ഷപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുട്ടികൾക്ക് പ്രതിരോധ മരുന്നുകൾ നൽകേണ്ടതു സംബന്ധിച്ച് ആവശ്യമായ പ്രചാരണങ്ങൾ നടത്താൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.10.2011-ലെ മറുപടിക്ക്

ഗതാഗത നിയമ ലംഘനം കണ്ടുപിടിക്കുന്നതിന് ആധുനിക സംവിധാനം

*238 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി
,, എം. പി. അബ്ദുസ്സമദ് സമദാനി
,, കെ. മുഹമ്മദുണ്ണി ഹാജി
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗതാഗതനിയമലംഘനം നടത്തുന്ന വാഹനങ്ങളെ കണ്ടുപിടിക്കുന്നതിന് ആധുനിക സംവിധാനം ഉപയോഗപ്പെടുത്തുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) വ്യാജരജിസ്ട്രേഷന്‍ നമ്പരിലും രജിസ്ട്രേഷന്‍ രേഖകളില്ലാതെയും നിരത്തിലോടുന്ന വാഹനങ്ങള്‍ കണ്ടെത്താന്‍ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും അത് പരിഷ്ക്കരിക്കാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ ;

(സി) മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്താനും ശിക്ഷിക്കാനും മോട്ടോര്‍ വാഹനവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികള്‍ വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് 2011 മാര്‍ച്ച് 31 വരെ എത്ര വാഹനങ്ങളാണ് രജിസ്റ്റര്‍ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) കണ്ടം ചെയ്ത വാഹനങ്ങളുടെയും ഉപയോഗശൂന്യമായി നിരത്തിറലിറക്കാത്ത വാഹനങ്ങളുടെയും രജിസ്ട്രേഷന്‍ റദ്ദു ചെയ്യുന്നതിന്റെ നടപടികക്രമം വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിനുള്ള നടപടികൾ

*239 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിന് ജലവിഭവ വകുപ്പ് ഏതെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഭരണ-സാങ്കേതിക അനുമതികൾ നൽകുകയുണ്ടായോ;

(സി) എത്ര കോടി രൂപയുടെ പണികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം പദ്ധതികളാണ് ഈ പാക്കേജ് വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.10.2011-ലെ മറുപടിക്ക്

<u>കയർ ഗ്രാമപദ്ധതി</u>

*240 ശ്രീ. ജോസഫ് വാഴക്കൻ
,, പാലോട് രവി
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളെ ആകർഷിക്കുന്ന കയർ ഗ്രാമപദ്ധതിക്കുള്ള രൂപരേഖ അംഗീകാരത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും വിശദാംശങ്ങളും എന്തൊക്കെയാണ് ;

(സി) ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പദ്ധതിയിൽ കയർ വ്യവസായത്തിന്റെ വൈവിദ്ധ്യവൽക്കരണത്തിനും ഗവേഷണത്തിനും വേണ്ടത്ര പ്രാമുഖ്യം നൽകാൻ നടപടി സ്വീകരിക്കുമോ ?